249/ചട്/18

"ഭരണഭാഷ — മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. എ-3/10718/2018/സിഇ/തസ്വഭവ — തീയതി: 29.08.2018

# സർക്കുലർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - വെള്ളപ്പൊക്ക ദുരന്തനിവാരണ പ്രവർത്തനങ്ങൾ - ഏകോപനവും, പുനരധിവാസവും, പുനർനിർമ്മാണവും - സംബന്ധിച്ച്

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ തദ്ദേശസ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ ഇതിനോടകം തന്നെ നാശനഷ്ടങ്ങളുടെ കണക്കും, സർക്കാർ / സർക്കാരേതര കെട്ടിടങ്ങളുടെ അറ്റകുറ്റപണികളുടെ വിവരങ്ങളും ശേഖരിച്ച് വരുന്നുണ്ട്. ഇപ്പോൾ തന്നെ 70 - 80 % വിവര ശേഖരണം പൂർത്തിയാക്കിയതായി കണക്കുകൾ സൂചിപ്പിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ റോഡ്, പാലം, കെട്ടിടം എന്നിവയുടെ അറ്റകുറ്റപണികളുടെ (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ) എസ്റ്റിമേറ്റ് അടിയന്തിരമായി തയ്യാറാക്കേണ്ടതും, 23.08.2018 - ലെ സ.ഉ (ആർ.റ്റി) 2313/2018/തസ്വഭവ ഉത്തരവ് പ്രകാരം ഭരണസമിതിയുമായി കൂടിയാലോചിച്ച് അവരുടെ നിർദ്ദേശപ്രകാരം ഫണ്ട് കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

29.08.2018 - ൽ ചേർന്ന വെർച്ചൽ മീറ്റിംഗിൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നിർദ്ദേശിച്ചതു പ്രകാരം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർ വിവരശേഖരണത്തിന് പോകുന്ന വിവരം, തയ്യാറാക്കുന്ന റിപ്പോർട്ട്, എസ്റ്റിമേറ്റെടുക്കുന്ന വിവരങ്ങൾ എന്നിവ അതാത് തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരെ യഥാസമയം അറിയിക്കേണ്ടതാണ്. മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പുനർവിന്യസിച്ചിട്ടുള്ള എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരാണ് ഇത്തരം പ്രവർത്തനങ്ങൾക്ക് പോകുന്നതെങ്കിൽ അക്കാര്യം തങ്ങളുടെ കീഴിലുള്ള പഞ്ചായത്ത് അദ്ധ്യക്ഷൻമാരെ അറിയിക്കുവാനും, റിപ്പോർട്ട് അതാത് അദ്ധ്യക്ഷൻമാർക്ക് കൈമാറുന്നതിനുമായി ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുന്നു.

ഇക്കാര്യത്തിൽ യാതൊരുവിധ വീഴ്ചയും സംഭവിച്ചിട്ടില്ലായെന്ന് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉറപ്പുവരുത്തേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ**

എസ്/എ/